# Each One Teach One
## സ്പോൺസർമാർക്കുള്ള കുറിപ്പ്

1. Each One Teach One (EOTO) എന്ന സംഘടനയിലൂടെയാണ് താങ്കൾ വിദ്യാഭ്യാസ സഹായം നൽകുന്നത്. ഈ സംഘടന നേരിട്ട് ഒരുതരത്തിലുമുള്ള പണമിടപാട് നടത്തുന്നില്ല. വിദ്യാഭ്യാസ സഹായത്തിന് അർഹതയുള്ള വിദ്യാർത്ഥികളെ സഹായമനസ്കരായ സ്പോൺസർമാരുമായി ബന്ധപ്പെടുത്തുക എന്നതുമാത്രമാണ് ഈ സംഘടനയുടെ ദൗത്യം. വിദ്യാഭ്യാസ സഹായധനം നൽകുന്നത് എല്ലായ്പ്പോഴും സ്പോൺസർ നേരിട്ടായിരിക്കും.

2. പ്രതിമാസ സ്പോൺസർഷിപ് നൽകുന്ന കുട്ടിക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ് അത് നൽകുന്നത് ഉചിതമായിരിക്കും.

3. കുട്ടിയുടെ കുടുംബസാഹചര്യവും പഠിക്കുന്ന കോഴ്സും വിലയിരുത്തി ഉചിതമായ സ്പോൺസർഷിപ് തുക നിശ്ചയിക്കുന്നത് EOTO ആയിരിക്കും. സ്പോൺസർഷിപ് തുക സംബന്ധിച്ച് കുട്ടിയുടെയോ രക്ഷാകർത്താവിന്റെയോ ഭാഗത്തുനിന്നുള്ള യാതൊരു വിലപേശലും പ്രോത്സാഹിപ്പിക്കേണ്ടതില്ല. താൽക്കാലിക ആവശ്യങ്ങൾക്കായി കൂടുതൽ തുക ആവശ്യപ്പെടുക, പണമല്ലാതെ മറ്റ് പാരിതോഷികങ്ങളോ സഹായങ്ങളോ ആവശ്യപ്പെടുക, വിദ്യാഭാസ സംബന്ധിയല്ലാത്ത ചെലവുകൾക്കായി തുക ആവശ്യപ്പെടുക തുടങ്ങിയ പ്രവണതകൾ ഒരുകാരണവശാലും അനുവദിക്കരുത്. അത്തരം പ്രവണതകൾ ഉണ്ടായാൽ അത് എത്രയും വേഗം EOTO യെ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

4. കുട്ടിക്ക് പഠനവുമായി ബന്ധപ്പെട്ട് കൂടുതൽ പണത്തിന് അത്യാവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടാൽ EOTO റിവ്യൂ ഡെസ്കിനെ അറിയിച്ചതിനുശേഷം മാത്രമേ അത് നൽകാൻ പാടുള്ളൂ.

5. പ്ലസ് ടു വരെയുള്ളത് പ്രാഥമികവിദ്യാഭ്യാസം എന്ന പരിഗണനയിൽ സാമ്പത്തിക ബുദ്ധിമുട്ട് മാത്രം പരിഗണിച്ചാണ് സ്പോൺസർഷിപ് നൽകുന്നത്. എന്നിരുന്നാലും പഠനകാര്യത്തിൽ കുട്ടി തികഞ്ഞ ആത്മാർത്ഥത പുലർത്തുന്നു എന്ന് കൃത്യമായ ഇടവേളകളിൽ EOTO ഉറപ്പുവരുത്തുന്നതായിരിക്കും. പഠനവിവരങ്ങൾ തിരക്കുകയും പഠനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ സ്പോൺസർ കുട്ടിയോട് ഇടപെടുന്നത് അഭിലഷണീയമാണ്.

6. സാമ്പത്തിക പരാധീനതയ്ക്കൊപ്പം മുൻ ക്ലാസുകളിലെ പഠനത്തിലെ മികവുകൂടി പരിഗണിച്ചാണ് ബിരുദ-ബിരുദാനന്തരബിരുദ തലത്തിലേക്കുള്ള വിദ്യാഭ്യാസ സഹായം അനുവദിക്കുക. അങ്ങനെ സഹായം ലഭിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനി പഠനത്തിൽ കൃത്യമായും തുടർച്ചയായും മികവ് പുലർത്തുന്നു എന്ന് EOTO ഉറപ്പുവരുത്തുന്നതാണ്. കുട്ടിയുടെ പഠനത്തിലെ പുരോഗതി സ്പോൺസർക്കും അവലോകനം ചെയ്യാവുന്നതാണ്.

7. ഏതെങ്കിലും സാഹചര്യത്തിൽ സ്പോൺസർഷിപ് തുടരാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ആയത് എത്രയും നേരത്തെ അറിയിക്കുന്നത് മറ്റൊരു സ്പോൺസറെ സമയബന്ധിതമായി കണ്ടെത്താൻ സഹായകമായിരിക്കും.

8. വിദ്യാർത്ഥി/വിദ്യാർത്ഥിനിയോടും കുടുംബാംഗങ്ങളോടും തികച്ചും ആരോഗ്യകരവും കുലീനവും പ്രോത്സാഹജനകവുമായ നിലപാടും പെരുമാറ്റവും സ്പോൺസർ പുലർത്തേണ്ടതാണ്.

9. കുട്ടിയുടെയോ രക്ഷാകർത്താവിന്റെയോ ഭാഗത്തുനിന്ന് അലോസരമുണ്ടാക്കുന്ന എന്തെങ്കിലും പെരുമാറ്റമോ ഇടപെടലോ ഉണ്ടായാൽ എത്രയും വേഗം EOTO യുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

10. സഹായം സ്വീകരിക്കുന്നവരുടെ ആത്മാഭിമാനവും സ്വകാര്യതയും സംരക്ഷിക്കേണ്ടതും അവരെ സംബന്ധിക്കുന്ന വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ലാത്തതുമാണ്.